DESPATCHED
On.17/3/23



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 2133(1)/2022/SIC & AP 2134(1)/2022/SIC**
തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File Nos.16758/SIC-Gen4/2022 & 16762/SIC-G4/2022**
**(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 മാർച്ച് 9**

Shri. A.M. Kuruvila,
2789-Ansa, 12th Main Road,
6th Street Anna Nagar,
Chennai-40.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്, തൃപ്പെരുന്തുറ, മാവേലിക്കര, ആലപ്പുഴ.
2. അപ്പീൽ അധികാരി & തഹസിൽദാർ (എൽ.ആർ)., താലൂക്ക് ഓഫീസ്, മാവേലിക്കര, ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 13.7.2022, 8.6.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 11.8.2022, 4.7.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 4.9.2022, 4.8.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 20.10.2022, 29.8.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 1.11.2022, 2.11.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 4.11.2022, 4.11.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.11.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 28.12.2022 |

## ഉത്തരവ്

ഹർജിക്കാരനായ ശ്രീ. എ.എം. കുരുവിള, 8.6.2022 നും, 13.7.2022നും ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ബോധിപ്പിച്ചിരുന്നത്, വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ നൽകിയ മറുപടി ശരിവച്ച് അപ്പീൽ അധികാരി 1-ാം അപ്പീൽ

നിരസിക്കുകയാണ് ചെയ്തിരിക്കുന്നതെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്കുള്ള മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി കമ്മീഷൻ സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ 8.6.2022-ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് Paddy Land Act പ്രകാരമുള്ള വസ്തു സംബന്ധിച്ച 14 ചോദ്യങ്ങളും 13.7.2022-ന് സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് വിവരാവകാശ നിയമ പ്രകാരം പൊതുമരാമത്ത് വകുപ്പ്, പാലം വിഭാഗത്തിൽ നിന്നും ടിയാന് 30.6.2022 തീയതി ബി.എസ്.എം/976/2020 നമ്പറായി ലഭിച്ച മറുപടിയുമായി ബന്ധപ്പെട്ട് 8 ഇനങ്ങളിലായുള്ള വിവരങ്ങളായിരുന്നു. മേൽപ്പടി അപേക്ഷകൾക്ക് 4.7.2022, 11.8.2022 എന്നീ തീയതികളിൽ മറുപടി നൽകിയതായി കാണുന്നു. ടി മറുപടികൾ തൃപ്തികരമല്ലെന്ന് രേഖപ്പെടുത്തി നൽകിയ അപ്പീൽ ഹർജിയിന്മേൽ പുറപ്പെടുവിച്ച ഉത്തരവുകൾ രണ്ടാം എതിർകക്ഷി ഒന്നാം എതിർകക്ഷിയുടെ മറുപടി ശരിവച്ചുകൊണ്ട് അപ്പീൽ നിരസിക്കുകയാണ് ചെയ്തിട്ടുള്ളതെന്നു കാണുന്നു. തുടർന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

3. മേൽ വിഷയത്തിന്മേൽ അപ്പീൽ അധികാരിയായ മാവേലിക്കര തഹസിൽദാർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, തൃപ്പെരുന്തുറ വില്ലേജിൽ ബ്ലോക്ക് 2-ൽ റീസർവ്വെ 477/4-ൽപ്പെട്ട നിലം ഹർജിക്കാരന്റെ ഭാര്യ സൂസൻ കുരുവിള പേരിൽ ഉണ്ടായിരുന്നതും നമ്പർ 5-ൽ ബഹു. ചെങ്ങന്നൂർ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകി ടി ഭൂമി നിലം എന്ന തരത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണെന്നും ബി.റ്റി.ആർ. പ്രകാരം നിലമായി ടി പ്രദേശം കേരള നെൽവയൽ തണ്ണീർത്തട നിയമം (അമെന്റ്മെന്റ് ആക്ട് 2018) സെക്ഷൻ 27എ(1)-ലെ നിബന്ധനകൾ പാലിക്കാതെ അനധികൃതമായി നികത്തിയതിനെ തുടർന്ന് തൃപ്പെരുന്തുറ വില്ലേജ് ഓഫീസർ 4.6.22-ൽ 5/22 നമ്പരായി സ്റ്റോപ്പ് മെമ്മോ നടത്തി അനധികൃത പ്രവർത്തി തടയുകയുണ്ടായി എന്നും എന്നാൽ ടി സ്റ്റോപ്പ് മെമ്മോയിൽ വില്ലേജ് ഓഫീസർ സെക്ഷൻ എഴുതിയതിൽ പിശകായി കെ.എൽ.യു നിയമം അനുസരിച്ച് നിലം നികത്തിനെതിരെ നടപടി എടുക്കുമെന്നാണ് സൂചിപ്പിച്ചിരുന്നതെന്നും ടി സ്റ്റോപ്പ് മെമ്മോയ്ക്ക് എതിരെയും നികത്തു തടഞ്ഞതിനെതിരെയുമാണ് ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിക്കുകയും ടി സ്റ്റോപ്പ് മെമ്മോ ക്വാഷ് ചെയ്യണമെന്നാവശ്യപ്പെടുകയും ചെയ്തത് എന്നും എന്നാൽ ടി സ്റ്റോപ്പ് മെമ്മോയിൽ രേഖപ്പെടുത്തിയ കെ.എൽ.യു. സെക്ഷൻ എന്നത് പിശകായി രേഖപ്പെടുത്തിയതാണെന്നും ശരിയായ നിയമം കേരള നെൽവയൽ സംരക്ഷണ നിയമം 2008-ലെ സെക്ഷൻ 27എ (1) ആണെന്നും വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമി അനധികൃതമായി നികത്തുവാൻ ശ്രമിച്ചതിനാലണ് സ്റ്റോപ്പ് മെമ്മോ നൽകിയതെന്നും ആയത് ക്വാഷ് ചെയ്യുവാൻ സാധിക്കില്ലായെന്നും ഹർജിക്കാരന് അപ്പീൽ അധികാരിയേയോ കോടതിയേയോ സമീപിച്ച് തുടർനടപടികൾ സ്വീകരിക്കാമെന്നും മറുപടി നൽകിയെങ്കിലും തുടർന്ന് വീണ്ടും ഒരേ ചോദ്യങ്ങളും ടി ഓഫീസിൽ നിന്നും മറുപടി നൽകുവാൻ സാധ്യമല്ലാത്തതും ടി ഓഫീസിൽ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതുമായ ഏകദേശം 6 അപേക്ഷകളും 5 അപ്പീലുകളും എതിർകക്ഷികൾക്ക് നൽകുകയാണ് ഉണ്ടായിട്ടുള്ളതെന്നുമാണ്.

4 അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും ചേർത്ത് പരിശോധിക്കുമ്പോൾ അപേക്ഷകൻ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ

സ്പഷ്ടീകരണ സ്വഭാവമുള്ളതും ചോദ്യാവലി രൂപത്തിലുള്ളതും വിവരാവകാശ നിയമത്തിലെ 2 (f) -ലെ ' വിവരം ' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതല്ലെന്നും കമ്മീഷന് ബോധ്യമാകുന്നു. മേൽ സാഹചര്യത്തിൽ എതിർകക്ഷികൾ കമ്മീഷനിൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ ബോധിപ്പിച്ചിരിക്കുന്ന വസ്തുതകൾ അംഗീകരിക്കത്തക്ക-തായതിനാൽ ഹർജിക്കാരന് ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ പരിഹാരം കാണുന്നതിനായി അനുയോജ്യതലത്തിൽ പരാതി നൽകാൻ നിർദ്ദേശിക്കുന്നു. എതിർകക്ഷികളോട് കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ പകർപ്പ് അപേക്ഷകന് 25.3.2023 നകം അയച്ചു നൽകാൻ നിർദ്ദേശിച്ച് മേൽ നമ്പർ ഹർജികളിലെ തുടർ നടപടി അവസാനിപ്പിക്കുന്നു.

5 മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 മാർച്ച് 9–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk